035458
16/10/19

# GOVERNMENT OF KERALA

No.FFP-A2/79/2018-GAD

General Administration (FFP-A) Department
Thiruvananthapuram,
Dated : 26/09/2019

## CIRCULAR

Sub:- Instructions regarding filing of Time Extension Petitions before the Hon'ble High Court of Kerala – regarding.

Ref:- Interim order dated 29.08.2019 in C.C(C)No.1609/2019(S)

As per the interim order dated 29.08.2019 of the Honourable High Court in C.C(C)No.1609/2019(S), there is a direction to the Chief Secretary and the Principal Secretary to the Honourable Chief Minister to issue instructions to all Government officials concerned and other subordinate departments including the District Collectors to ensure that if more time is required for compliance of judgments than what is stipulated by the Court, then necessary application for time extension along with supporting affidavit showing the cogent reason thereof should be filed in the court well before the expiry of the stipulated time limit.

Hence all Departments in Government Secretariat/District Collectors / All Heads of Departments / should ensure that the above directions are scrupulously followed.

Tom Jose
Chief Secretary

To:-

All Departments in Government Secretariat including Law and Finance Departments,
All District Collectors,
All Head of Departments.

**കേരള സർക്കാർ**

"ഭരണഭാഷ മാതൃഭാഷ"

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷൻ നം - 20056/2018 മേൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെന്റർ വ്യക്തികളുടെ ലിംഗ പദവി രേഖപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.477/2019/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 30/07/2019**

---

പരാമർശം.(1) സർക്കാർ ഉത്തരവ് (സാധാ)നം. 05/2018/പൊവിവ തീയതി 06.03.2018.

(2) ട്രാൻസ്ജെന്റർ മേഖലയിൽ പ്രവർത്തിക്കുന്ന ക്വീറള എന്ന സംഘടന, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച 18/05/2018 ലെ അപേക്ഷ.

(3) 09/07/2018 ലെ WP(C) നം. 20056/2018 മേലുള്ള വിധിന്യായം.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ള ട്രാൻസ്ജെന്റർ വ്യക്തികൾക്ക് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ പേര്, ലിംഗം, എന്നിവ തിരുത്തുന്നതിനും മൂന്നാമത്തെ ഓപ്ഷനായി ട്രാൻസ്ജെന്റർ എന്ന് ചേർക്കുന്നതിനും അനുമതി നൽകി പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിനും ട്രാൻസ്ജെന്റർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുമായി ട്രാൻസ്ജെന്റർ മേഖലയിൽ പ്രവർത്തിക്കുന്ന ക്വീറള എന്ന സംഘടന സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെന്റർ സെല്ലിനും സാമൂഹ്യനിതി വകുപ്പ് ഡയറക്ടർക്കും പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിലെ ആവശ്യങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ശ്രീ. ജിജോ കുര്യാക്കോസ് (പ്രസിഡന്റ്, ക്വീറള), സാറ ഷെയ്ഖ (ക്വീറള) എന്നിവർ ബഹു. ഹൈക്കോടതിയിൽ 20056/2018 നമ്പരായി റിട്ട് പെറ്റിഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് പെറ്റീഷനിൽ രണ്ടാം എതിർകക്ഷിയായ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം(2) ലെ അപേക്ഷ കേസിലെ ഒന്നാം എതിർകക്ഷിയായ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിക്ക് അയച്ചു കൊടുക്കുന്നതിനും, സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, കേസിലെ വാദികൾക്ക് നോട്ടീസ് അയച്ച്, അവരെ നേരിൽ കേട്ട്,

അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു. ഹൈക്കോടതി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

(2) മേലുത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി എതിർകക്ഷികളെയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്കുവേണ്ടി ഹാജരായ ഉദ്യോഗസ്ഥരെയും 26.11.2018 ൽ നേരിൽ കേൾക്കുകയുണ്ടായി. പ്രസ്തുത നേർമുഖക്കാഴ്ചയിൽ പരാമർശം (1) പ്രകാരമുള്ള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ്, ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള NALSA Vs Union of India (2014 (2) KLT 378 (SC) നം. വിധിന്യായത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമായതിനാൽ ടി ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, സംസ്ഥാന സർക്കാരിന്റെ ട്രാൻസ്ജെന്റർ പോളിസിയിലെ വ്യവസ്ഥകൾക്കനുരൂപമായ തരത്തിൽ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നും ടി സർട്ടിഫിക്കറ്റ് അടിസ്ഥാനപ്പെടുത്തി ഔദ്യോഗികരേഖകളിൽ ലിംഗപദവി ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സംഘടനാ പ്രതിനിധികൾ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്കു വേണ്ടി ഹാജരായ കേരള സംസ്ഥാന ട്രാൻസ്ജെന്റർ സെല്ലിലെ പ്രൊജക്ട് ഓഫീസർ ശ്യാമ എസ് പ്രഭ ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(a) ജില്ലാ ട്രാൻസ്ജെന്റർ സ്ക്രീനിംഗ് കമ്മിറ്റിയുടെ ശുപാർശയ്ക്കനുസരണമായി ജെന്റർ ഐഡന്റിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണ്.

(b) ടി സർട്ടിഫിക്കറ്റിനെ അടിസ്ഥാനപ്പെടുത്തി ട്രാൻസ്ജെന്റർ വ്യക്തികൾ അവകാശപ്പെടുന്ന ലിംഗപദവി പുനർ നിശ്ചയിക്കാവുന്നതും ഔദ്യോഗിക രേഖകൾ ഭേദഗതി ചെയ്യുന്നതിനുള്ള അടിസ്ഥാന രേഖയായി പരിഗണിക്കാവുന്നതാണ്.

(4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിന്റെയും നേർമുഖക്കാഴ്ചയിലെ വാദങ്ങളുടെയും വസ്തുതകളുടേയും അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് നൽകുന്ന ജെന്റർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ഔദ്യോഗിക രേഖകളിൽ ലിംഗപദവി രേഖപ്പെടുത്തിയിരിക്കുന്നതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയും, ടി ജെന്റർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എസ്. എസ്.എൽ.സി സർട്ടിഫിക്കറ്റിലെ കോളത്തിലെ രേഖപ്പെടുത്തലുകളിൽ മാറ്റം വരുത്തുന്നതിനായി പരാമർശം (1) പ്രകാരമുള്ള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി

സ്വീകരിക്കുന്നതിന് ടി വകുപ്പിന് നിർദ്ദേശം നൽകിയും ബഹു. ഹൈക്കോടതിയുടെ 09.07.2018 ലെ 20056/2018-ാം റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായം മേൽ പ്രകാരം പാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ലീലാമണി കെ. എം**
**അഡീഷണൽ സെക്രട്ടറി**

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
പൊതു വിദ്യാഭ്യാസ വകുപ്പ് (06.03.2018 ലെ സ.ഉ(സാധാ) നം. 05/2018/പൊവിവ നം സർക്കാർ ഉത്തരവ് ഭേദഗതിക്കായി)
ഹർജികക്ഷികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസ് മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് മുഖാന്തിരം)
സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും
രജിസ്ട്രാർ കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Seena

സെക്ഷൻ ഓഫീസർ